*⇨ ഉന്നതങ്ങളിലെ നിർദ്ദേശമാണ് ഇതിന്റെ പിന്നിലെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത് ⇨*

# അഹിംസാ സമരത്തിന് നേരെ ലാത്തിവീശുന്നത് എന്തിന്?

തൃശൂർ ജില്ലയിലെ പാലിയേക്കരയിൽ നടക്കുന്ന ടോൾ വിരുദ്ധ സമരം 2013 ഫെബ്രുവരി 12ന് ഒരു വർഷം പിന്നിട്ട ദിവസം ടോൾ പ്ലാസയിൽ നടന്ന ഉപരോധ സമരത്തിന് നേരെ ലാത്തിവീശിയ പോലീസ് നടപടിയോട് പ്രതികരിക്കുന്നു

■ പി.ജെ. മോൻസി

**ടോൾ വിരുദ്ധ സമരം ഒരു വർഷം പിന്നിട്ട 2013 ഫെബ്രുവരി 12ന് പാലിയേക്കരയിൽ നടന്ന ഉപരോധ സമരം പോലീസും സമരപ്രവർത്തകരും തമ്മിലുള്ള സംഘർഷത്തിലേക്ക് വഴിമാറിയതെങ്ങനെയാണ്?**

പോലീസ് കരുതിക്കൂട്ടി നടത്തിയ അക്രമമാണ് അന്ന് പാലിയേക്കരയിൽ അരങ്ങേറിയത്. ഒരു രാത്രി മുഴുവൻ നീണ്ടുനിൽക്കുന്ന ഉപരോധ സമരമായിരുന്നു ഞങ്ങൾ പ്രഖ്യാപിച്ചിരുന്നത്. വൈകീട്ട് ആറ് മണിക്ക് ഉപരോധ സമരം ആരംഭിച്ച സമയത്ത് പോലീസും സമരപ്രവർത്തകരും തമ്മിൽ ചെറിയ രീതിയിലുള്ള ഉന്തും തള്ളുമുണ്ടായി. എന്നാൽ സമര സമിതി ഇടപെട്ട് വളരെ വേഗം ആ പ്രശ്നം പരിഹരിച്ചിരുന്നു. തുടർന്ന് സമാധാനപരമായി കാര്യങ്ങൾ മുന്നോട്ട് നീങ്ങുകയും ഉപരോധസമരത്തെ അഭിസംബോധന ചെയ്ത് പലരും സംസാരിച്ച് തുടങ്ങുകയും ചെയ്തു. രാത്രി ഒമ്പത് മണിയോടെ പ്രകോപനമൊന്നുമില്ലാതെ, അപ്രതീക്ഷിതമായി പോലീസ് സമരപ്രവർത്തകരെ ലാത്തിവീശി ഓടിക്കാൻ തുടങ്ങി. ബാരിക്കേഡ് വലിച്ചുമാറ്റാൻ ശ്രമിച്ചു, ജലപീരങ്കി നശിപ്പിച്ചു തുടങ്ങിയ കുറ്റങ്ങളാണ് ലാത്തിവീശിയതിന് കാരണമായി പോലീസ് പറയുന്നത്. അത്തരം എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ആറ് മണിക്കുണ്ടായ ഉന്തിലും തള്ളിലുമാണ്. ആ സംഘർഷം വേഗം പരിഹരിക്കപ്പെടുകയും ചെയ്തു. അതിന്റെ പേരിൽ എന്തിനാണ് രാത്രി ഒമ്പത് മണിക്ക് സമരപ്രവർത്തകർക്ക് നേരെ ലാത്തി വീശുന്നതെന്നാണ് ഞങ്ങൾക്ക് മനസ്സിലാകാത്തത്.

ഉന്നതങ്ങളിലെ നിർദ്ദേശമാണ് ഇതിന്റെ പിന്നിലെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ജില്ലാ പോലീസ് സൂപ്രണ്ട് സ്ഥലത്തെത്തി ചില നിർദ്ദേശങ്ങൾ നൽകി തിരികെ പോയതിന്റെ തൊട്ടുപിന്നാലെയാണ് പോലീസ് ലാത്തിച്ചാർജ്ജ് നടന്നത് എന്നത് ഞങ്ങളുടെ ആ സംശയത്തെ ബലപ്പെടുത്തുന്നു. ഉപരോധ സമരം വിജയിക്കുന്നത് ഭരണകൂടത്തെ വിറളിപിടിപ്പിച്ചു എന്നുതന്നെ കരുതാം. അപ്രതീക്ഷിതമായ ലാത്തിയടിയായതിനാൽ സമരപ്രവർത്തകർക്ക് പ്രതിരോധിക്കാൻ പോലും കഴിഞ്ഞില്ല. പലർക്കും ഗുരുതരമായി പരിക്കേറ്റു. സ്ത്രീകളും കുട്ടികളും

⇨ *ജനപ്രതിനിധികളുമൊന്നും അതിനെതിരെ പ്രതികരിച്ചില്ല എന്നത് ദൗർഭാഗ്യകരമാണ്* ⇨




ഉൾപ്പെടെയുള്ള ഗ്രൂപ്പിന് നേരെയും പോലീസ് ലാത്തി വീശി. രാത്രിയായിരുന്നതിനാൽ പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റുന്നതിനും റോഡരികിൽ പലയിടത്തും ലാത്തിയടിയേറ്റ് വീണുകിടന്നിരുന്നവരെ കണ്ടെത്തുന്നതിനും ഏറെ പ്രയാസങ്ങളുണ്ടായി. 109 പേരെ അന്ന് ജയിലിലടയ്ക്കുകയും നാനൂറിലേറെപ്പേർക്കെതിരെ കേസെടുക്കുകയും ചെയ്തു. ഭീകരമായ പോലീസ് അതിക്രമമുണ്ടായിട്ടും മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളുമൊന്നും പ്രതികരിച്ചില്ല എന്നത് ദൗർഭാഗ്യകരമാണ്.

**എന്തെല്ലാം കേസുകളാണ് സമരപ്രവർത്തകർക്കെതിരെ എടുത്തിരിക്കുന്നത്?**

പോലീസിനെ ആക്രമിച്ചു, പോലീസിന്റെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തി തുടങ്ങിയ വകുപ്പുകൾ പ്രകാരമാണ് ഞങ്ങൾക്കെതിരെ കേസെടുത്തിരിക്കുന്നത്. പക്ഷെ അവർ ചാർജ്ജ് ചെയ്ത വകുപ്പുകൾ പ്രകാരമുള്ള തെളിവുകൾ കോടതിയിൽ ഹാജരാക്കാൻ പോലീസിന് കഴിഞ്ഞില്ല. രാത്രി ഒമ്പത് മണിക്കാണ് ലാത്തിചാർജ്ജ് നടന്നത്. അപ്പോൾ അനിഷ്ട സംഭവങ്ങൾ നടന്നതും അതേ സമയത്തായിരിക്കണമല്ലോ.

എന്നാൽ പോലീസ് കോടതിയിൽ ഹാജരാക്കിയ ചിത്രങ്ങളെല്ലാം പകൽ വെളിച്ചത്തിലുള്ളതാണ്. അതും ബാരിക്കേഡ് വലിച്ചു നീക്കുന്ന ഫോട്ടോകൾ. കേസ് കെട്ടിച്ചമച്ചതാണെന്ന് കോടതി ബോധ്യപ്പെട്ടതുകൊണ്ടാണ് ഞങ്ങൾക്ക് മജിസ്ട്രേറ്റ് കോടതി ഞങ്ങൾക്ക് ജാമ്യം നൽകിയത്. ഒന്നര മണിക്കൂറാണ് വാദം നീണ്ടുനിന്നത്. പോലീസും സർക്കാർ വക്കീലും ഞങ്ങൾക്ക് ജാമ്യം നിഷേധിക്കാനുള്ള പഴുതുകൾ പരമാവധി നോക്കി. ടോൾ പ്ലാസയിലെ ഒരു ചില്ലുപോലും പൊട്ടിയിട്ടില്ലാത്തതിനാൽ അവരുടെ വാദങ്ങളെല്ലാം പൊളിഞ്ഞുപോയി. കർശനമായ വ്യവസ്ഥകളൊന്നുമില്ലാത്ത ജാമ്യമാണ് ഞങ്ങൾക്ക് അനുവദിച്ചത്. അതും പോലീസ് പ്രതീക്ഷിച്ചില്ല. കോടതിയിൽ പരാജയപ്പെട്ടതോടെ കേസിന്റെ പേരുപറഞ്ഞ് ആളുകളെ സ്റ്റേഷനിലേക്ക് വിളിപ്പിച്ച് ഭയപ്പെടുത്തുകയാണ് അവർ ഇപ്പോൾ ചെയ്യുന്നത്. അന്വേഷണ ഉദ്യോഗസ്ഥനുമായി സഹകരിക്കണമെന്ന് ജാമ്യത്തിൽ എഴുതിയിരുന്നു. അതിന്റെ പേരിലാണ് സ്റ്റേഷനിലേക്ക് വിളിച്ച് ഭീഷണിപ്പെടുത്തുന്നത്. പല കാലങ്ങളിൽ നടന്ന സമരങ്ങളിലായി ടോൾ വിരുദ്ധ സമരപ്രവർത്തകർക്കെതിരെ നാൽപ്പതോളം കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്. മിക്ക കേസുകളിലും ഞങ്ങളെ കുടുക്കുന്നതിനായി കർശനമായ വകുപ്പുകളാണ് പോലീസ് എഴുതിച്ചേർക്കുന്നത്. തെളിവുകൾ ഹാജരാക്കാനില്ലാത്തതിനാൽ അവർ വിജയിക്കുന്നില്ല എന്നുമാത്രം. അതെല്ലാം പരാജയപ്പെട്ടപ്പോൾ സമരത്തിന് പിന്നിൽ തീവ്രവാദികളുണ്ടെന്ന് ആരോപണം ഉന്നയിച്ച് സമരത്തെ പൊളിക്കാനാണ് പോലീസ് ഇപ്പോൾ ശ്രമിക്കുന്നത്. പ്രത്യക്ഷ സമരങ്ങൾ ഇല്ലാത്ത സമയത്തും ടോൾ പ്ലാസയിൽ വൻ പോലീസ് സന്നാഹമാണ് തമ്പടിക്കാറുള്ളത്. ഇത്രയും വലിയ തോതിലുള്ള പോലീസ് സുരക്ഷ കമ്പനി ആവശ്യപ്പെട്ടിട്ട് സർക്കാർ അവർക്ക് കൊടുക്കുന്നതാണോ ഇതേവരെ അറിയാൻ കഴിഞ്ഞിട്ടില്ല. വിവരാവകാശ നിയമപ്രകാരം വ്യക്തമായ മറുപടികൾ കിട്ടിയിട്ടില്ല. പോലീസുകാരുടെ ഡ്യൂട്ടി ഫീസ് കമ്പനിയാണോ അടയ്ക്കുന്നതെന്ന് സംശയമുണ്ട്. കാരണം, ക്രമസമാധാന പ്രശ്നങ്ങളുണ്ടെങ്കിൽ ഇടപെടാനാണ് പോലീസിനെ വിന്യസിക്കാറുള്ളത്. എന്നാൽ പാലിയേക്കരയിൽ ടോൾ പിരിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ സഹായങ്ങളും പോലീസുകാരാണ് ചെയ്തുകൊടുക്കുന്നത്. കമ്പനിയുടെ ജോലിക്കാരെ പോലെയാണ് അവർ അവിടെ പണിയെടുക്കുന്നത്.

**ഇപ്പോൾ നടക്കുന്ന ടോൾ പിരിവ് നിയമവിരുദ്ധമാണെന്ന് സമരസമിതി പറയാൻ കാരണമെന്താണ്?**

ടോൾ പിരിക്കാനുള്ള കമ്പനിയുടെ (ഇന്റർ കോണ്ടിനന്റൽ കൺസൾട്ടന്റ്സ് ആന്റ് ടെ

ക്നോകാർട്ട്) നിയമപരമായ അവകാശം ശരിക്കും 2012 ഏപ്രിൽ 2ന് അവസാനിച്ചതാണ്. അനധികൃതമായ പരിവാണ് ഇപ്പോൾ നടക്കുന്നത്. 2012 ഏപ്രിൽ 2ന് മുമ്പായി റോഡുമായി ബന്ധപ്പെട്ട എല്ലാ പണികളും തീർത്തെങ്കിൽ മാത്രമെ തുടർന്ന് ടോൾ പിരിക്കാൻ കഴിയൂ എന്നായിരുന്നു വ്യവസ്ഥ. പക്ഷെ കമ്പനി പണികൾ പൂർത്തിയാക്കാതിരുന്നിട്ടും മുഖ്യമന്ത്രി ആറ് മാസം കൂടി അവർക്ക് നീട്ടിക്കൊടുത്തു. ടോൾ പിരിവ് തുടങ്ങി ആറ് മാസത്തിനുള്ളിൽ പണികൾ പൂർത്തീകരിച്ചില്ലെങ്കിൽ ടോൾ നിർത്തിവയ്ക്കുമെന്ന് മുഖ്യമന്ത്രി തന്നെയാണ് മുമ്പ് പറഞ്ഞിട്ടുള്ളത്. അദ്ദേഹം തന്നെ വീണ്ടും ആറ് മാസം കമ്പനിക്ക് നീട്ടിക്കൊടുത്തു. അന്ന് പറഞ്ഞ ആറ് മാസം ഇപ്പോൾ പിന്നിട്ടിരിക്കുകയാണ്.

സർവ്വീസ് റോഡിന്റെ പണികൾ ഇനിയും പൂർത്തിയായിട്ടില്ല. പണിപൂർത്തിയാകാത്ത 70 സ്ഥലങ്ങളുടെ വീഡിയോ എടുത്ത് ഞങ്ങൾ കോടതിയിൽ തെളിവ് നിരത്തിയതാണ്. ഡ്രെയിനേജിന്റെ നിർമ്മാണത്തിലെ അപാകത കാരണം കമ്പികൾ പലയിടത്തും അപകടകരമാം വിധം പുറത്തേക്ക് തള്ളി നിൽക്കുകയാണ്. സിഗ്നൽ ലൈറ്റുകൾക്കും പ്രശ്നങ്ങളുണ്ട്. പണികൾ പൂർത്തിയാക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ലെന്നാണ് എവിടെയും കാണുന്നത്. എന്നിട്ടും സർക്കാറിന്റെ മൗനാനുവാദത്തോടെ ടോൾ പിരിവ് ഇന്നും തുടരുകയാണ്.

**കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ സ്ഥിതിയെന്താണ്?**

ഹൈക്കോടതി ചീഫ് ജസ്റ്റിസ് അടക്കമുള്ളവർ ടോൾ പിരിവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസുകൾ വിധി പറയാതെ മാറ്റിവച്ചിരിക്കുകയാണ്. അതിനിടയിലാണ് ഹൈക്കോടിയുടെ ഒരു സിംഗിൾ ബഞ്ച് പാലിയേക്കരയിലെ സമാന്തരപാത അടയ്ക്കാൻ ഉത്തരവിറക്കിയത്. ടോൾ പിരിവ് കമ്പനിയാണ് കൊടുത്ത കേസിൻ മേലായിരുന്നു വിധി. സർക്കാർ വക്കീൽ ഈ കേസിൽ മനഃപൂർവ്വം തേറ്റുകൊടുക്കുകയായിരുന്നു എന്നാണ് ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞത്. സമാന്തരപാത അടയ്ക്കുന്നതിൽ സർക്കാറിന് എതിർപ്പില്ലെന്നാണ് ആ വക്കീൽ കോടതിയിൽ പറഞ്ഞത്. മാത്രമല്ല, സിംഗിൾ ബഞ്ചിന്റെ ആ വിധി നിലവിലുള്ള നിയമസംവാധനങ്ങൾക്ക് എതിരാണെന്നും നിരീക്ഷിക്കപ്പെടുന്നുണ്ട്.

ഡിവിഷൻ ബഞ്ചിലും സമാനമായ വിഷയത്തിൽ കേസ് നിലനിൽക്കുന്നുണ്ടെങ്കിൽ സിംഗിൾ ബഞ്ചിൽ വരുന്ന കേസ് വിധിപറയാതെ ഡിവിഷൻ ബഞ്ചിലേക്ക് വിടണമെന്നാണ് നിയമം. എന്നാൽ ഡിവിഷൻ ബഞ്ചിൽ ടോളുമായി ബന്ധപ്പെട്ട്, സമാന്തരപാത ടോൾ പിരിവ് കമ്പനി നശിപ്പിച്ചതടക്കം എട്ട് കേസുകൾ നിലനിൽക്കുന്നുണ്ടായിട്ടും ഡിവിഷൻ ബഞ്ച് സമാനമായ കേസിൽ വിധി പറഞ്ഞു. അതിനെ ചോദ്യം ചെയ്തുകൊണ്ട് ഞങ്ങൾ കൊടുത്ത കേസും ഹൈക്കോടതി ഇതേവരെ പരിഗണിച്ചിട്ടില്ല. അതേസമയം ടോൾ പിരിവുമായി ബന്ധപ്പെട്ട ഉത്തരേന്ത്യയിലെ ഒരു കേസിൽ നികുതി പിരിക്കുന്ന സർക്കാർ പിന്നീട് ടോൾ പിരിക്കുന്നത് ശരിയല്ല എന്നൊരു നിരീക്ഷണം സുപ്രീംകോടതി നടത്തുകയുണ്ടായി. എന്നാൽ കേരള ഹൈക്കോടതി ടോൾ പിരിവുമായി ബന്ധപ്പെട്ട കേസുകളിൽ എടുക്കുന്ന സമീപനം ഞങ്ങൾക്ക് അത്ര തൃപ്തികരമല്ല. ■

STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**JAAGRATHAYUDE KERALEEYAM**

(Form-1V)

| | | |
|---|---|---|
| 1. Place of Publication | : | Thrissur |
| 2. Periodicity of the Publication | : | Monthly |
| 3. Printer's Name | : | Sharat. S |
| Whether citizen of India | : | Yes |
| Address | : | Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 4. Publisher's Name | : | Sharat. S |
| Whether citizen of India | : | Yes |
| Address | : | Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 5. Editor's Name | : | Sharat. S |
| Whether citizen of India | : | Yes |
| Address | : | Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 6. Name and address of the individual who own the newspaper and partners or shareholders holding more than one percent of the total capital | : | Sharat. S, Keraleeyam, Municipal Market Building, Kokkalai, Thrissur - 680 021 |

I, Sharat. S, hereby declare that the particulars given above are true to the best of my knowledge and belief.

1.03.2013

Sd/-
Publisher